ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും,
പബ്ലിക് ആഫീസ്,തിരുവനന്തപുരം-695033
ഇമെയിൽ: aairrgnvig @gmail.com
ഫോൺ : 0471-2322927

നമ്പർ-വിജി. 4/5/2020

തീയതി: 05/03/2022

## സർക്കുലർ

വിഷയം:- CMO portal മുഖാന്തിരം ലഭിക്കുന്ന പരാതികളും അനുബന്ധമായി ലഭിക്കുന്ന തപാലുകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം- സംബന്ധിച്ച്

മുഖ്യമന്ത്രിയുടെ ഓഫീസിൽ പൊതുജനങ്ങൾ നൽകുന്ന പരാതികൾ പരിശോധിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിച്ച് പരിഗണിക്കുന്നതിനും, മറുപടി നൽകുന്നതിനുമാണ് CMO portal സംവിധാനം രൂപപ്പെടുത്തിയിട്ടുള്ളത്. CMO portal മുഖാന്തിരം ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിനുള്ള സമയപരിധി 15 ദിവസമാണ്. ബഹു.മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിക്കുന്ന പരാതികളിൽ ജലസേചന വകുപ്പുമായി ബന്ധപ്പെട്ടവ, ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും കാര്യാലയത്തിലേക്ക് CMO portal മുഖാന്തിരം forward ചെയ്യപ്പെടും. അത്തരം പരാതികൾക്ക് സമയബന്ധിതമായി മറുപടി നൽകേണ്ടതാണ്. ഇക്കാര്യത്തിലെ വീഴ്ച്ചകൾ CMO portal വഴി ബഹു.മുഖ്യമന്ത്രി യുടെ കാര്യാലയത്തിൽ നേരിട്ട് അറിയുവാൻ കഴിയുന്നതാണ്. CMO portal ൽ പരാതി പരിഹാരത്തിനുണ്ടാകുന്ന കാലതാമസം ഗുരുതരമായ വീഴ്ചയായും, വ്യക്തിപരമായ വീഴ്ചയായും, ബാധ്യതയായും (Personal accountability) കണക്കാക്കപ്പെടുന്നതാണ്. ആയതിനാൽ CMO portal പരാതിയുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും കാര്യാലയത്തിൽ നിന്ന് ലഭിക്കുന്ന തപാലുകളിന്മേൽ സമയബന്ധിതമായി നട പടികൾ കൈക്കൊണ്ട് പ്രസ്തുത വിവരം ഇ-മെയിൽ മുഖാന്തിരം ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും കാര്യാലയത്തിൽ ഉടനടി അറിയിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും/ഡയറക്ടർ
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/ജോയിന്റ് ഡയറക്ടർ
എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും